8382/21/HRD

| | |
|---|---|
| Subject | **Directing all educational institutions, including professional colleges under the Department of Higher Education, to observe November 1, the birth anniversary of Kerala.** |
| From | Higher Education K <highereducationkdept@gmail.com> |
| To | regrku <regrku@gmail.com>, Registrar MGU <registrar@mgu.ac.in>, Registrar, CUSAT <registrar@cusat.ac.in>, ssusreg <ssusreg@gmail.com>, Deputy Registrar Pl.D <drpld@uoc.ac.in>, <registrar@kannuruniv.ac.in>, Registrar, NUALS <registrar@nuals.ac.in>, <letters@ktu.edu.in>, Registrar KTU <registrar@ktu.edu.in>, Finance Officer <financeofficer@ktu.edu.in> 9 more... |
| Date | 2021-10-29 14:19 |

- G.O(Rt)1445.pdf (~73 KB)

INSTITUTE OF HUMAN RESOURCES DEVELOPMENT
3/29.10.21
29 OCT 2021
THIRUVANANTHAPURAM

**Sir,**

Kindly see the attached document

Thanking You
Section Officer

Higher Education Department

EA

29-X-2021

ഇണ്ടാസ് നമ്പർ.ഇഎ1/4680/2010/എച്ച്.ആർ.ഡി. (2) തീയതി,29.10.2021

1. പകർപ്പ് എല്ലാ സ്ഥാപന മേധാവികൾക്കും തുടർനടപടികൾക്കായി
2. അഡീഷണൽ ഡയറക്ടർ
3. കരുതൽ ഫയൽ
4. ഓഫീസ് പകർപ്പ്

ഒപ്പ്
ഡയറക്ടർ

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

## കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ്- ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കേരളപ്പിറവിദിനമായ നവംബർ ഒന്ന് സമുചിതമായി ആചരിക്കുന്നതിനുള്ള നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1445/2021/ഉ.വി.വ. തീയതി, തിരുവനന്തപുരം,29.10.2021

**<u>ഉത്തരവ്</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും കേരളപ്പിറവിദിനമായ നവംബർ ഒന്ന് കേരളത്തിന്റെ സാംസ്കാരിക സാമൂഹ്യസവിശേഷതകളും മലയാളഭാഷയുടെ മഹിമയും ഉദ്ഘോഷിക്കുന്ന പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് സമുചിതമായി ആചരിക്കേണ്ടതും കേരളപ്പിറവി ദിനാചരണവുമായി ബന്ധപ്പെട്ട് ഉപയോഗിക്കാവുന്ന ഒരു 'നവകേരളഗാനം' ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിലും https://youtu.be/Vx3GXU9AdxE എന്ന യൂട്യൂബ് ലിങ്കിലും അപ് ലോഡ് ചെയ്യുന്നതും തദവസരത്തിൽ ഈ ഗാനത്തിന്റെ വീഡിയോ പ്രദർശിപ്പിക്കുകയോ വിദ്യാർത്ഥികളെക്കൊണ്ട് പാടിക്കുകയോ ചെയ്യേണ്ടതാണ് എന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം.)

**സജ്ഞുകുമാർ.എൻ**
**ജോയിന്റ് സെക്രട്ടറി**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, ചാക്ക, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
6. സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില: വികാസ് ഭവൻ, തിരുവനന്തപുരം
7. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
8. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി, എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, കരിപ്പുഴ, കൊല്ലം
9. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)
10. വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

ഭരണഭാഷ -മാതൃഭാഷ

INSTITUTE OF HUMAN RESOURCES DEVELOPMENT
28 OCT 2021
THIRUVANANTHAPURAM

കേരള സർക്കാർ

ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

നമ്പർ. ഒ.എൽ 4/ 13/ 2021/ പി&എ.ആർ.ഡി . 

തിരുവനന്തപുരം
തീയതി: 21/ 10/ 2021

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്-2021 ലെ മലയാള ദിനാഘോഷവും ഭരണഭാഷാവാരാഘോഷവും -സംബന്ധിച്ച്.

സൂചന: 1. 18/ 03/ 2002 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ. 31/ 2002/ പി&എ.ആർ.ഡി.

2. 02.05/ 2002 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ. 20/ 2002/ പി&എ.ആർ.ഡി .

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. അതിന്റെ ഭാഗമായി എല്ലാവർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതിന് സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള പ്രഭാഷണങ്ങളും ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന-ജില്ലാ-താലൂക്ക്-പഞ്ചായത്തുതലങ്ങളിലുള്ള ഓഫീസുകളിൽ സംഘടിപ്പിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളാണ് ടി ഉത്തരവിൽ നൽകിയിട്ടുള്ളത്. സ്കൂൾതലത്തിൽ സംഘടിപ്പിക്കേണ്ട ആഘോഷപരിപാടികളെ സംബന്ധിച്ച് സൂചന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ 65-ാം വാർഷികവേളയായ ഈ വർഷവും വിപുലമായ പരിപാടികൾ സംഘടിപ്പിക്കേണ്ടതായിരുന്നു. എന്നാൽ കേരളത്തിൽ 'കോവിഡ്' ഭീതി പൂർണമായും ഒഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ വർഷം വിപുലമായ ആഘോഷ പരിപാടികൾ ഒഴിവാക്കിക്കൊണ്ട് മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും സംഘടിപ്പിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി **2021 നവംബർ 1 - ാം തീയതി തിങ്കളാഴ്ച ബഹു.മുഖ്യമന്ത്രി മലയാളദിനസന്ദേശം (ഓൺലൈൻ മുഖേന) നൽകുന്നതാണ്.** മലയാളദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും താഴെച്ചേർത്തിട്ടുള്ള **ഭാഷാപ്രതിജ്ഞ അധ്യാപകർ കുട്ടികൾക്ക് നേരിട്ട് അല്ലെങ്കിൽ ഓൺലൈൻ സംവിധാനം മുഖേന ചൊല്ലിക്കൊടുക്കേണ്ടതാണ്.**

**"മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്.
എന്റെ ആകാശമാണ്.
ഞാൻകാണുന്ന നക്ഷത്രമാണ്.
എന്നെത്തഴുകുന്ന കാറ്റാണ്.
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.
ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്
എന്റെ ഭാഷയിലാണ്.
എന്റെ ഭാഷ ഞാൻതന്നെയാണ്"**

സർക്കാർ ഓഫീസുകൾ സാധാരണനിലയിൽ പ്രവർത്തിച്ചുതുടങ്ങിയതിനാൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് **ഓഫീസ് തലവന്മാർ ഉദ്യോഗസ്ഥർക്ക് താഴെച്ചേർത്തിട്ടുള്ള ഭരണഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതാണ്.**

**"മലയാളം എന്റെ ഭാഷയാണ്**
**മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു.**
**മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു.**
**ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന്**
**എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും"**

**മീര എസ്**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും
ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
ജില്ലാകളക്ടർമാർ
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധസർക്കാർ സ്വയംഭരണസ്ഥാപനങ്ങളുടെ തലവൻമാർക്ക്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് : - ബഹു: മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
പൊതുഭരണവകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്,
പൊതുഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്

ഉത്തരവിൻപ്രകാരം

**ഇണ്ടാസ് നമ്പർ.ഇഎ1/4680/2010/എച്ച്.ആർ.ഡി. (1)** **തീയതി,29.10.2021**

സെക്ഷൻ ഓഫീസർ

1. പകർപ്പ് തുടർനടപടികൾക്കായി എല്ലാ സ്ഥാപന മേധാവികൾക്കും
2. അഡീഷണൽ ഡയറക്ടർ
3. ഫിനാൻസ് ഓഫീസർ/ കൺസൾട്ടന്റ്
4. എല്ലാ സെക്ഷൻ മേധാവികൾക്കും
5. കരുതൽ ഫയൽ
6. ഓഫീസ് പകർപ്പ്

**ഒപ്പ്**
**ഡയറക്ടർ**

**അംഗീകാരത്തോടെ**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**